2818
10/2/21

കേരള സർക്കാർ

**സംഗ്രഹം**

സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ശിശു വികസന പദ്ധതി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചുകൊണ്ടും ടി തസ്തികയിൽ കാഷ്വൽ സ്വീപ്പർ ശ്രീമതി. എൻ. ചന്ദ്രികയുടെ സേവനം ക്രമീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാമൂഹ്യ നീതി (എ) വകുപ്പ്**

സ.ഉ (കൈ) നം.**4/2021**/സാ.നീ.വ. തീയതി, തിരുവനന്തപുരം, **07.02.2021.**

പരാമർശം:
1) സ.ഉ (അച്ചടി) 501/05/ധന തീയതി 25.11.2005.
2) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ(ഇ.കെ.എം) 364/2014 മേൽ 14.06.2019 ൽ പുറപ്പെടുവിച്ച ഉത്തരവ്.
3) സാമൂഹ്യ നീതി വകുപ്പ് ഡയറക്ടറുടെ 12.10.2019 ലെ ഇ 3-26016/2014 നമ്പർ കത്ത്.

**ഉത്തരവ്**

വനിത ശിശു വികസന വകുപ്പിൻ കീഴിലുള്ള കൊടുവള്ളി ഐ.സി.ഡി.എസ്. ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. എൻ. ചന്ദ്രിക, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A (EKM) 364/2014 മേൽ ബഹു. ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പരാമർശം (1)ലെ ഉത്തരവിന് വിധേയമായി കൊടുവള്ളി ശിശു വികസന പദ്ധതി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഹർജിക്കാരിയുടെ സേവനം റഗുലറൈസ് ചെയ്യുന്നതിനാവശ്യമായ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശം നൽകിയിരുന്നു.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒ.എ(ഇ.കെ.എം) 364/2014 മേൽ 14.06.2019 ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനിത ശിശു വികസന വകുപ്പിൻ കീഴിലുള്ള കൊടുവള്ളി ഐ.സി.ഡി.എസ്. ഓഫീസിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ചുകൊണ്ടും ടി കാര്യാലയത്തിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. എൻ. ചന്ദ്രികയുടെ സേവനം ഉത്തരവ് തീയതി പ്രാബല്യത്തിൽ ക്രമീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**ബിജു പ്രഭാകർ,**

**സെക്രട്ടറി.**

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
ശ്രീമതി. ചന്ദ്രിക. എൻ, Nellorammal. P.O, മണിപുരം, കൊടുവള്ളി, കോഴിക്കോട്.
ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് .
നിയമ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ 4537).
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

4954549/2021/SJD(OS)

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 03-02-2021**

ഫയൽ നം. എ2/143/2019-സാ.നീ.വ. ഇനം നം: 4537

വിഷയം : സാമൂഹ്യനീതി വകുപ്പ് - കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ശിശു വികസന പദ്ധതി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതും ടി തസ്തികയിൽ കാഷ്വൽ സ്വീപ്പർ ശ്രീമതി. എൻ. ചന്ദ്രികയെ സ്ഥിരപ്പെടുത്തുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എ 2/143/2019-സാ.നീ.വ. |
| 2 | വകുപ്പ് | സാമൂഹ്യ നീതി (എ) വകുപ്പ് |
| 3 | വിഷയം | കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ശിശു വികസന പദ്ധതി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതും ടി തസ്തികയിൽ കാഷ്വൽ സ്വീപ്പർ ശ്രീമതി. എൻ. ചന്ദ്രികയെ സ്ഥിരപ്പെടുത്തുന്നതും സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 10.11.2020 |
| 5 | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br><br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിട്ടിട്ടുണ്ടോ? | ഉണ്ട്<br><br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br><br>ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. മുഹമ്മദ് അൻസാരി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. ബിജു പ്രഭാകർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 08.01.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22.01.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.01.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23.01.2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

സാമൂഹ്യ നീതി വകുപ്പിൻ കീഴിൽ കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ശിശു വികസന പദ്ധതി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതും പ്രസ്തുത തസ്തികയിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി.എൻ.ചന്ദ്രികയുടെ സേവനം ക്രമീകരിക്കുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സാമൂഹ്യ നീതി വകുപ്പിൻ കീഴിലുള്ള കൊടുവള്ളി ഐ.സി.ഡി.എസ്. ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. എൻ. ചന്ദ്രിക, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A (EKM) 364/2014 മേൽ ബഹു. ട്രൈബ്യൂണൽ 14.06.2019 ൽ പുറപ്പെടുവിച്ച ഉത്തരവിൽ 25.11.2005 ലെ സ.ഉ (അച്ചടി) നം.501/2005/ധന ഉത്തരവിന് വിധേയമായി കൊടുവള്ളി ശിശു വികസന പദ്ധതി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഹർജിക്കാരിയുടെ സേവനം റെഗുലറൈസ് ചെയ്യുന്നതിനാവശ്യമായ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് നിർദ്ദേശം നൽകി ഉത്തരവായിരുന്നു. ശ്രീമതി. എൻ. ചന്ദ്രിക 10/2001 മുതൽ 03/2013 വരെ കാഷ്വൽ സ്വീപ്പറായി ജോലി നോക്കിയിരുന്ന കാലയളവിൽ ഓഫീസ് പ്രവർത്തിച്ചിരുന്നത് 169.70 മീറ്റർ സ്ക്വയർ സ്വീപ്പിംഗ് ഏരിയയുള്ള വാടക കെട്ടിടത്തിലായിരുന്നു. എന്നാൽ 2013 ഏപ്രിൽ മുതൽ ടി ഓഫീസ് 86.91 മീറ്റർ സ്ക്വയർ ഏരിയയുള്ള സ്ഥിരം കെട്ടിടത്തിലാണ് പ്രവർത്തിയ്ക്കുന്നത്.

3) മേൽ സാഹചര്യത്തിൽ 25.11.2005 ലെ സ.ഉ (അച്ചടി) നം.501/2005/ധന ഉത്തരവിന് വിധേയമായി ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ശ്രീമതി. എൻ. ചന്ദ്രികയുടെ സേവനം റെഗുലറൈസ് ചെയ്യണമോ എന്നതിന്മേൽ അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിൽ അയയ്ക്കുകയും ധനകാര്യ വകുപ്പ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A (EKM) 364/2014 നമേൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ അപ്പീൽ നൽകാൻ ആവശ്യപ്പെടുകയുമുണ്ടായി. ധനകാര്യ വകുപ്പിന്റെ ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഫയൽ ചെയ്യാൻ സർക്കാർ പ്ലീഡറോട് അഭ്യർത്ഥിയ്ക്കുകയും ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ അപ്പീൽ നൽകുന്നത് വ്യർത്ഥമാണെന്ന് സർക്കാർ പ്ലീഡർ അഭിപ്രായപ്പെടുകയുമുണ്ടായി. സർക്കാർ പ്ലീഡറുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ വീണ്ടും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി അയയ്ക്കുകയും ധനകാര്യ വകുപ്പ് അപ്പീൽ ഫയൽ ചെയ്യണമെന്ന അഭിപ്രായം തന്നെ വീണ്ടും ഭരണ

വകുപ്പിനെ അറിയിക്കുകയുണ്ടായി. എന്നാൽ കാഷ്വൽ സ്വീപ്പർ തസ്തികയിലെ സേവനം റഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സമാനമായ ഒരു കേസിലെ കോടതി വിധി ചൂണ്ടിക്കാട്ടി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുകയും ധനകാര്യ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി :

"25.11.2005 ലെ സ.ഉ.(പി) നം.501/2005/ധന ഉത്തരവ് പ്രകാരം ടി ഉത്തരവ് തീയതിയിൽ 100 ച.മീ.ന് മുകളിൽ സ്വീപ്പിംഗ് ഏരിയ ഉള്ള സർക്കാർ വക കെട്ടിടത്തിൽ താൽക്കാലിക/കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത് എന്നും 08.10.2001 മുതൽ 2013 മാർച്ച് വരെ കൊടുവള്ളി ഐ.സി.ഡി.എസ് പ്രവർത്തിച്ചിരുന്നത് വാടക കെട്ടിടത്തിൽ ആയതിനാൽ 25.11.2005 ലെ സ.ഉ.(പി) നം.501/2005/ധന പ്രകാരം ശ്രീമതി.ചന്ദ്രികയെ സ്ഥിരപ്പെടുത്താൻ കഴിയുന്നതല്ല എന്നും കൊടുവള്ളി ശിശു വികസന പദ്ധതി ഓഫീസ് സ്ഥിരം കെട്ടിടത്തിൽ 2013 ഏപ്രിൽ മാസത്തിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ പ്രസ്തുത ഓഫീസിന് 86.91 മീറ്റർ സ്ക്വയർ സ്വീപ്പിംഗ് ഏരിയ മാത്രമാണ് ഉള്ളതെന്നതിനാൽ അവിടെ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കാനും ടി സർക്കാർ ഉത്തരവ് പ്രകാരം കഴിയുന്നതല്ല എന്നും ശ്രീമതി. ചന്ദ്രിക.എൻ-നെ സ്ഥിരപ്പെടുത്തുന്നത് മേൽ ഉത്തരവിന് വിരുദ്ധമാണെന്നുമുള്ള ധനകാര്യ വകുപ്പിന്റെ മുൻ അഭിപ്രായത്തിൽത്തന്നെ ഉറച്ചുനിൽക്കുന്നതായി ഭരണ വകുപ്പിനെ അറിയിക്കുന്നു."

4) ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്മേൽ നിയമ വകുപ്പിന്റെ അഭിപ്രായം തേടുകയും നിയമ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയും ചെയ്തു.

"ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 14.06.2019 ലെ അന്തിമ ഉത്തരവിൽ 25.11.2005 ലെ സ.ഉ(പി) നം.501/2005/ധന ഉത്തരവിന് വിധേയമായി കൊടുവള്ളി ശിശു വികസന പദ്ധതി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ഹർജിക്കാരിയുടെ സേവനം റഗുലറൈസ് ചെയ്യുന്നതിനാവശ്യമായ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ഹർജിയിലെ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് ഗവൺമെന്റ് പ്ലീഡർ 13.05.2020 ൽ നിയമോപദേശം നൽകിയിരുന്നു. ആയതിൽ റഗുലറൈസേഷനുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള അടിസ്ഥാന സർക്കാർ ഉത്തരവിലും തുടർന്നുള്ള സ.ഉ (പി) നം.61/2010/ധന തീയതി 09.02.2010 ഉത്തരവിലും സ്വീപ്പർ ജോലി നോക്കുന്നത് സർക്കാർ ഉടമസ്ഥതയിലുള്ള

കെട്ടിടത്തിലാണോ വാടക കെട്ടിടത്തിലാണോ എന്നതിന്റെ അടിസ്ഥാനത്തിൽ ഒരു വേർതിരിവ് പറയുന്നില്ലെന്നും, സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയിൽ സ്വീപ്പിംഗ് ഏരിയ 100 ചതുരശ്ര മീറ്ററിൽ കൂടുതലായിരിക്കണം എന്നതാണ് റഗുലറൈസേഷനായുള്ള ഒരേയൊരു വ്യവസ്ഥ എന്നും കൂടാതെ സ്ഥിരമായ സർക്കാർ കെട്ടിത്തിലേയ്ക്ക് മാറുമ്പോൾ സ്വീപ്പിംഗ് ഏരിയ 86.91 ചതുരശ്ര മീറ്റർ ആയിത്തീർന്നു എന്നത് യോഗ്യതാ തീയതി 25.11.2005 വരെ മാത്രം എടുക്കേണ്ടതിനാൽ റഗുലറൈസേഷനായുള്ള അപേക്ഷകന്റെ അവകാശ വാദം പരിഗണിയ്ക്കുന്നതിൽ തടസ്സമാകില്ല എന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. നിർദ്ദേശം കൈമാറുന്നതിലെ കാലതാമസം കാരണം (2010 ൽ സമർപ്പിച്ച വികലമായ നിർദ്ദേശം) അപേക്ഷകയെ ക്രമീകരിക്കുന്നതിനുള്ള ക്ലെയിം പരിഗണിയ്ക്കാതെ പോയി. പ്രസക്തമായ സമയത്ത് പരിഗണിച്ചിരുന്നെങ്കിൽ അപേക്ഷകയുടെ സേവനം അപ്പോഴേക്കും ക്രമീകരിക്കപ്പെടുമായിരുന്നു. അതിനാൽ, ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ അപ്പീൽ നൽകുന്നത് വ്യർത്ഥമാണെന്ന് ഗവൺമെന്റ് പ്ലീഡർ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ 25.11.2005 ലെ സ.ഉ (പി) നം.501/2005/ധന ഉത്തരവ് പ്രകാരം ടി ഉത്തരവ് തീയതിയിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ സ്വീപ്പിംഗ് ഏരിയ ഉള്ള സർക്കാർ വക കെട്ടിടത്തിൽ താൽക്കാലിക/കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി നോക്കി വരുന്നവരാണ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവൽക്കരണത്തിന് അർഹരായിട്ടുള്ളത് എന്നും 08.10.2001 മുതൽ 2013 മാർച്ച് വരെ കൊടുവള്ളി ഐ.സി.ഡി.എസ് പ്രവർത്തിച്ചിരുന്നത് വാടക കെട്ടിടത്തിൽ ആയതിനാൽ 25.11.2005 ലെ സ.ഉ (പി) നം.501/2005/ധന പ്രകാരം ശ്രീമതി. ചന്ദ്രികയെ സ്ഥിരപ്പെടുത്താൻ കഴിയുന്നതല്ല എന്നും കൊടുവള്ളി ശിശു വികസന പദ്ധതി ഓഫീസ് സ്ഥിരം കെട്ടിടത്തിൽ 2013 ഏപ്രിൽ മാസത്തിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ പ്രസ്തുത ഓഫീസിന് 86.91 മീറ്റർ സ്ക്വയർ സ്വീപ്പിംഗ് ഏരിയ മാത്രമാണ് ഉള്ളതെന്നതിനാൽ അവിടെ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിയ്ക്കാനും ടി സർക്കാർ ഉത്തരവ് പ്രകാരം കഴിയുന്നതല്ല എന്നും ശ്രീമതി. ചന്ദ്രിക. എൻ.നെ സ്ഥിരപ്പെടുത്തുന്നത് മേൽ ഉത്തരവിന് വിരുദ്ധമാണെന്നുമാണ് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്.

O.A (EKM) No.364/2014 ന് സമാന കേസായ O.A (EKM) No.328/2019 ലെ ബഹു. ട്രൈബ്യൂണൽ വിധിക്കെതിരെ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മുൻനിർത്തി അപ്പീൽ സമർപ്പിച്ചുവെങ്കിലും വളരെ വർഷങ്ങളായി കാഷ്വൽ സ്വീപ്പർ തസ്തികയിൽ

സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിയമാനുസൃതമായ ആനുകൂല്യങ്ങൾ നിരസിക്കുന്നതിന് പൊതു ഖജനാവിൽ നിന്ന് തുക ചെലവഴിക്കുന്നത് വിമർശിച്ചുകൊണ്ട് പ്രസ്തുത അപ്പീൽ ബഹു. ഹൈക്കോടതി നിരസിച്ചിരുന്നുവെന്ന് ഭരണ വകുപ്പിന്റെ കുറിപ്പ് ഫയലിൽ കാണുന്നു. O.A (EKM) No.364/2014 കേസിൽ 3-ാം എതിർകക്ഷിയുടെ ഓഫീസിൽ അംഗീകൃത സ്വീപ്പിംഗ് തസ്തിക സൃഷ്ടിയ്ക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ യഥാസമയം സമർപ്പിയ്ക്കുന്നതിലുണ്ടായ കാലതാമസം കാരണം അപേക്ഷകയുടെ അവകാശത്തെ ഹനിക്കാനാകില്ലെന്ന് വ്യക്തമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അപ്രകാരം കാലതാമസം സംഭവിച്ചതിന് മതിയായ കാരണം സർക്കാർ ട്രൈബ്യൂണൽ മുമ്പാകെ ബോധിപ്പിച്ചതായി കാണുന്നില്ല. മേൽ വസ്തുതകളുടെ വെളിച്ചത്തിൽ O.A (EKM) No.364/2014 കേസിലെ ബഹു. ട്രൈബ്യൂണൽ ഉത്തരവിനെതിരെ വിജയകരമായ അപ്പീൽ സാദ്ധ്യത വിരളമാണെന്നും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മുൻനിർത്തി പ്രസ്തുത ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് ഭരണ വകുപ്പിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും പ്രസ്തുത വകുപ്പിനെ അറിയിക്കാവുന്നതാണ്."

5) O.A (EKM) No.364/2014 കേസിലെ ബഹു. ട്രൈബ്യൂണൽ ഉത്തരവിനെതിരെ വിജയകരമായ അപ്പീൽ സാദ്ധ്യത വിരളമാണെന്ന് നിയമ വകുപ്പ് അഭിപ്രായപ്പെട്ട സാഹചര്യത്തിലും സമാനമായ മറ്റൊരു കേസിലെ വിധിയും പരിഗണിച്ച് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള അന്തിമ വിധിന്യായത്തിന്മേൽ അപ്പീൽ ഫയൽ ചെയ്യേണ്ടതില്ല എന്ന് തീരുമാനിയ്ക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ശിശു വികസന പദ്ധതി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതും പ്രസ്തുത തസ്തികയിൽ ശ്രീമതി.എൻ.ചന്ദ്രികയുടെ സേവനം ക്രമീകരിക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗം മുമ്പാകെ സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിയ്ക്കേണ്ട വിഷയം

i) ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, സാമൂഹ്യ നീതി വകുപ്പിൻ കീഴിൽ കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ശിശു വികസന പദ്ധതി ഓഫീസിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് പ്രസ്തുത തസ്തികയിൽ ശ്രീമതി.എൻ.ചന്ദ്രികയുടെ സേവനം ഉത്തരവ് തീയതി പ്രാബല്യത്തിൽ ക്രമീകരിക്കാമോ ?